**File No.DB4/37/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ കല്ലിങ്ങൽ ലക്ഷം വീട് കോളനിയിലെ 7 കുടുംബങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് ഒറ്റ വീട് നിർമ്മിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.689/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/03/2020

---

പരാമർശം:- 1 ബഹു. തിരൂർ എം.എൽ.എയുടെ 03/01/2020-ലെ കത്തും, കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/12/2019-ലെ A2-5511/19 നമ്പർ കത്തും, പഞ്ചായത്ത് ഭരണ സമിതിയുടെ 23/12/2019-ലെ KP/28/2/113/19 നമ്പർ തീരുമാനവും.

2 സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 25/02/2020-ലെ 4.26 നമ്പർ തീരുമാനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ കല്ലിങ്ങൽ ലക്ഷം വീട് കോളനിയിലെ ജീർണ്ണിച്ച 7 ഇരട്ട വീട്ടുകളിൽ താമസിക്കുന്ന 14 കുടുംബങ്ങളിൽ 7 കുടുംബത്തിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് തുക അനുവദിക്കാമെന്നറിയിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന 7 കുടുംബങ്ങൾക്ക് തനത് ഫണ്ടായി 28 ലക്ഷം രൂപ വകയിരുത്തി ഒറ്റ വീട് നിർമ്മിക്കാൻ അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ സർക്കാർ പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ച് ആയതിന് പ്രത്യേകാനുമതി നൽകുന്നതിന് തീ രുമാനിച്ചു.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കല്ലിങ്ങൽ ലക്ഷം വീട് കോളനിയിലെ ജീർണ്ണിച്ച 7 ഇരട്ട വീട്ടുകളിൽ താമസിക്കുന്ന 14 കുടുംബങ്ങളിൽ 7 കുടുംബങ്ങൾക്ക് തനത് ഫണ്ടായി 28 ലക്ഷം രൂപ(ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) വകയിരുത്തി ഒറ്റ വീട് നിർമ്മിക്കാൻ കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ